## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3560 — 12.12.2014-ൽ മറുപടിക്ക്

### ശുചിത്വ ഗ്രാമം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വർക്കല കഹാർ<br>,, ഹൈബി ഈഡൻ<br>,, റ്റി.എൻ. പ്രതാപൻ<br>,, എ.പി.അബ്ദുള്ളക്കുട്ടി | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) ഗ്രാമപഞ്ചായത്തുകളിൽ ശുചിത്വ ഗ്രാമം പദ്ധതിക്ക രൂപം നല്കിയിട്ടുണ്ടോ; വിശദമാക്കമോ; | (എ) ഉണ്ട്. പഞ്ചായത്തുകളിൽ വികേന്ദ്രീകൃത രീതിയിലുളള മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന നയമാണ് അനുവർത്തിക്കുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഖരമാലിന്യ പരിപാലനത്തിന് സൗകര്യം ഏർപ്പെടുത്താൻ ഇത്തരത്തിൽ പ്രോത്സാഹനവും പ്രേരണയും നൽകിവരുന്നു. താഴെപ്പറയുന്ന ഉദ്ദേശ ലക്ഷ്യങ്ങളോടുകൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്.<br>1. ഖരമാലിന്യ പരിപാലന പദ്ധതി തയ്യാറാക്കാനുളള പരിശീലനം നൽകൽ.<br>2. പദ്ധതികൾക്ക് സാങ്കേതിക അംഗീകാരം നൽകുക.<br>3. പദ്ധതി നടപ്പിലാക്കാനായി സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുളളതും കേന്ദ്ര പദ്ധതിയായ സമ്പൂർണ്ണ ശുചിത്വ പദ്ധതിയിലും ഉൾപ്പെടുത്തി ഭാഗിക സാമ്പത്തിക സഹായം നൽകുക.<br>4. നവീന അറവുശാലകൾ സ്ഥാപിക്കാനും ദ്രവമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കാനും സാങ്കേതിക സഹായവും സാങ്കേതിക അംഗീകാരവും നൽകുക.<br>5. സ്രോതസ്സിൽ തന്നെ മാലിന്യത്തിന്റെ അളവു കുറയ്ക്കൽ.<br>6. ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതികൾ നടപ്പിലാക്കുക.<br>7. പ്ലാസ്റ്റിക് സഞ്ചികൾക്ക് പകരം തുണി സഞ്ചികളുടെ ഉപയോഗം.<br>8. സംസ്ഥാന സർക്കാരിന്റെ തീരുമാന പ്രകാരം ഓരോ ജില്ലയിലും ശുചിത്വ സമിതികൾ വഴിയാണ് ഖരദ്രവ മാലിന്യ സംസ്ക്കരണ പദ്ധതികൾ ഏറ്റെടുക്കേണ്ടത്.<br>9. സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പരിപാടികളാണ് ആവിഷ്ക്കരിച്ചിട്ടുളളത്<br>1. നഗരങ്ങളിലെ ശാസ്ത്രീയ ഖരമാലിന്യ പരിപാലനം. |

2. ഗ്രാമപഞ്ചായത്തുകളിലെ ഖരമാലിന്യ പരിപാലനം
3. അറവുശാല മാലിന്യ സംസ്ക്കരണം
4. ഖരമാലിന്യ സംവിധാനത്തിന്റെ പുനരുദ്ധാരണം
5. UIDSSMT പദ്ധതി നിർവ്വഹണം
6. അറവുശാല നിർമ്മാണം അഥവാ നവീകരണം
7. സ്ഥാപനങ്ങൾക്ക് മാതൃകാ ദ്രവമാലിന്യ പരിപാലന പദ്ധതി
8. മാതൃകാ ദ്രവമാലിന്യ മാനേജ്മെന്റ് പരിപാടി - കോളനികൾക്ക്
9. വനിതാ ശുചിത്വ കോംപ്ളക്സ്, വിശ്രമ ശുചിത്വ സമുച്ചയം
10. ഗേൾ ഫ്രണ്ട്‌ലി ടോയ്‌ലറ്റ്, ശിശു സൗഹൃദ ടോയ്‌ലറ്റ്
11. മാലിന്യ മുക്ത കേരളം പ്രചരണം
12. സോഷ്യൽ റിയാലിറ്റി ഷോ - ഗ്രീൻ കേരള എക്സ്പ്രസ്സ്
13. നിർമ്മൽ ഗ്രാമപുരസ്കാരം ലഭിക്കുന്ന പഞ്ചായത്തുകളെ ആദരിക്കൽ
14. മാലിന്യ മുക്ത കേരള അവാർഡ്
15. പഠന - വിവരണ ശേഖരണ പ്രവർത്തനം
16. ഐ.ഇ.സി / എച്ച്.ആർ.ഡി പദ്ധതി
17. ഖരമാലിന്യ പരിപാലനം

| | | | |
|---|---|---|---|
| സി) | ശുചിത്വ ഗ്രാമം പദ്ധതി ആരു മുഖേനയാണ നടപ്പിലാക്കുന്നത്; വിശദമാക്കുമോ; | സി) | ശുചിത്വഗ്രാമ പദ്ധതി ശുചിത്വ മിഷന്റെ സാങ്കേതിക സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനം വഴിയാണ് നടപ്പിലാക്കി വരുന്നത്. |
| ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനം പദ്ധതി തയ്യാറാക്കി നൽകുന്ന മുറയ്ക്ക് സാങ്കേതിക അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേക്കായി സാമ്പത്തിക സഹായവും നൽകി വരുന്നു. പദ്ധതിയുടെ നിർവ്വഹണം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമാണ്.<br>ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷനിൽ നിന്നും 2012-13 വർഷത്തിൽ 632 ഗ്രാമപഞ്ചായത്തുകൾക്കും, 34 നഗരസഭകൾക്കും 2013-14 വർഷത്തിൽ 155 ഗ്രാമപഞ്ചായത്തുകൾക്കും 8 നഗരസഭകൾക്കും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.<br>ഈ പദ്ധതികൾ എല്ലാം തന്നെ ശുചിത്വ കേരളം എന്ന ലക്ഷ്യത്തിലേക്ക് എത്തുന്നതിനുള്ള പ്രവർത്തനമാണ്. |

സെക്ഷൻ ഓഫീസർ